(ii) അടിയന്തര ചോദ്യങ്ങൾ

വ്യാപാരി വ്യവസായികളുടെ കടകളടച്ചുള്ള പ്രതിഷേധ സമരം

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെ വ്യാപാരി വ്യവസായികൾ 3-12-2014-ൽ കടകളടച്ച് പ്രതിഷേധം പ്രകടിപ്പിച്ചത് ജനജീവിതത്തിന് ബുദ്ധിമുട്ടുണ്ടാക്കിയ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പൊടുന്നനെയുള്ള പ്രസ്തുത സമരത്തിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ;

(സി) ജനജീവിതത്തിന് ഹാനികരമായ ഇത്തരം സമരങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) ഉണ്ട്.

(ബി) കേരള വ്യാപാരി വ്യവസായി ഏകോപന സമിതി 3-12-2014-ലെ കടയടച്ച് പണിമുടക്കുന്നതിനുള്ള കാരണങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 28-10-2014-ൽ ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. പ്രസ്തുത കാരണങ്ങൾ താഴെ പറയുന്നു :

1. കട പരിശോധന നിർത്തി വെയ്ക്കുക
2. തുണിത്തരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള 2% ടേണോവർ ടാക്സ് പിൻവലിക്കുക
3. ഓൺലൈൻ വ്യാപാരം നിർത്തലാക്കുക
4. അളവുതൂക്കങ്ങൾ സീൽ വെക്കുന്നത് സംബന്ധിച്ചുള്ള അപാകതകൾ പരിഹരിക്കുക.
5. വാടക കുടിയാൻ നിയമത്തിലെ അപാകതകൾ പരിഹരിക്കുക
6. റോഡ് വികസനം നടത്തുമ്പോൾ നഷ്ടപരിഹാരവും കച്ചവടക്കാരുടെ പുനരധിവാസവും ഉറപ്പ് വരുത്തുക
7. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ-8 നിർത്തിവെയ്ക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ഇത് സംബന്ധിച്ച് വ്യാപാരി പ്രതിനിധികളുമായി ചർച്ച ചെയ്യുന്നതിനായി 26-[illegible]014-ൽ യോഗം നടത്തുവാൻ തീരുമാനിച്ചിരുന്നു. എങ്കിലും 4-12-2014- ലാണ് പ്രസ്തുത യോഗം നടന്നത്.

പ്രസ്തുത ആവശ്യങ്ങൾ പരിശോധിച്ചു. ഒരു വ്യാപാരി നികുതി വെട്ടിക്കാൻ ശ്രമിക്കുന്നതായി ബോധ്യപ്പെട്ടാലോ സാധനങ്ങളോ രജിസ്റ്ററുകളോ അല്ലെങ്കിൽ വ്യാപാരവുമായി ബന്ധപ്പെട്ട രേഖകളോ മറ്റെവിടെയെങ്കിലുമാണ് സൂക്ഷിക്കുന്നതെന്ന് ബോധ്യപ്പെട്ടാലോ കേരള മൂല്യവർദ്ധിത നികുതി നിയമത്തിലെ 44-ാം വകുപ്പ് പ്രകാരം കട പരിശോധിക്കാനുള്ള അധികാരം നികുതി നിർണ്ണയ അധികാരിക്കുണ്ട്. പ്രസ്തുത നിയമത്തിലെ 23-ാം വകുപ്പ് പ്രകാരം ഡെപ്യൂട്ടി കമ്മീഷണർക്കോ ഓഡിറ്റ് ഓഫീസർക്കോ വ്യാപാര സ്ഥാപനം സന്ദർശിച്ച് റിട്ടേണുകളും സ്റ്റോക്കും വ്യാപാരവുമായി ബന്ധപ്പെട്ട രേഖകളും പരിശോധിക്കാവുന്നതാണ്. Audit visit-ഉം intelligence wing പരിശോധനയും പ്രത്യേക നടപടിക്രമം പ്രകാരമുള്ളതാണ്. നികുതി ചോർച്ച ഉള്ളിടത്തോളംകാലം കട പരിശോധന ആവശ്യമാണ്. ഒരു കോടി രൂപയ്ക്ക് മേൽ ടെക്സ്റ്റൈൽസ് ഇനങ്ങളുടെ വിറ്റുവരവുള്ള വ്യാപാര സ്ഥാപനങ്ങളുടെ റെഡിമെയ്ഡ് ഒഴികെയുള്ള തുണിത്തരങ്ങളുടെ വിറ്റുവരവിന്മേലാണ് 2% ടേണോവർ ടാക്സ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിനെതിരെ ചില വ്യാപാരികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിരിക്കുകയാണ്. ഈ വിഷയം കോടതിയുടെ പരിഗണനയിലായതിനാൽ യാതൊരു ഇടപെടലുകളും സാദ്ധ്യമല്ല. നികുതി സംബന്ധമായ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് വ്യാപാരികൾക്ക് ഗ്രീവൻസ് റിഡ്രസ്സൽ ബ്യൂറോ സംവിധാനം നിലവിലുണ്ട്. കൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിലൂടെ വ്യാപാരികൾക്ക് നികുതി സംബന്ധമായ പ്രശ്നങ്ങൾ നേരിട്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള അവസരവും ഉണ്ട്.

സംസ്ഥാനത്ത് ഓൺലൈൻ സൈറ്റിലൂടെ സാധനങ്ങൾ വാങ്ങുന്ന പ്രവണത വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് നടത്തുന്ന ഓൺലൈൻ വില്പന, കേന്ദ്ര ചരക്ക് വില്പന നിയമത്തിലും കേന്ദ്ര വില്പന നികുതി നിയമത്തിലും വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള രീതിയിലാകയാൽ നിയമപരമായി തടയുവാൻ ബുദ്ധിമുട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള മൂല്യവർദ്ധിത നികുതി നിയമത്തിലെ 44-ാം വകുപ്പ് പ്രകാരം കട പരിശോധിക്കാനുള്ള അധികാരം നികുതി നിർണ്ണയ അധികാരിക്കുണ്ട്. നികുതി ചോർച്ച കണ്ടെത്താൻ കട പരിശോധന ആവശ്യമാണ്. അതിനാൽ അവ ഒഴിവാക്കാനാവില്ല. വ്യാപാരികളുടെ നികുതി സംബന്ധമായ പ്രശ്നങ്ങൾ റിഡ്രസൽ ബ്യൂറോയിൽ ഉന്നയിച്ച് പരിഹാരം കാണാവുന്നതാണ്.

മണ്ണെണ്ണ സബ്സിഡി നിർത്തലാക്കിയതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണെണ്ണ സബ്സിഡി നിർത്തലാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം കേരളത്തിലെ തീരപ്രദേശങ്ങളിലുള്ള മത്സ്യത്തൊഴിലാളികൾക്കും ഗ്രാമപ്രദേശത്തെ പാവപ്പെട്ടവർക്കും ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടി വിശദീകരിക്കാമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) കേന്ദ്ര സർക്കാർ മണ്ണെണ്ണ സബ്സിഡി നിർത്തലാക്കുന്നതായുള്ള തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേന്ദ്ര സർക്കാർ സബ്സിഡിയോടെ നല്കിവരുന്ന മണ്ണെണ്ണ പാചകാവശ്യത്തിനും വിളക്ക് കത്തിക്കുന്നതിനും മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കേരള സർക്കാരിന്റെ S.R.O. No.1338/94 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം ഇപ്രകാരം ലഭിക്കുന്ന മണ്ണെണ്ണ മത്സ്യബന്ധന മേഖലയിലും ഉപയോഗിക്കുന്നതിന് അനുവാദം നല്കിയിട്ടുണ്ട്. അതുപ്രകാരം കേന്ദ്രസർക്കാർ നല്കിവരുന്ന പി.ഡി.എസ്. മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്കും വിതരണം ചെയ്തുവരുന്നു. ഗാർഹികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷനുകളുടെയും പാചകവാതക കണക്ഷനുകളുടെയും എണ്ണം ഗണ്യമായി വർദ്ധിച്ച സാഹചര്യം

LIBRARY ARCHIVES Kerala Legislative Assembly